ഭാഷയുടെ വാസ്തുവിദ്യ

ഡോ. സ്കറിയാ സക്കറിയ

കഴിഞ്ഞ അരനൂറ്റാണ്ടായി ഭാഷാശാസ്ത്രമണ്ഡലത്തിലെ ഏറ്റവും തിളക്കമാർന്ന വ്യക്തിയാണ് നോം ചോംസ്കി. മസാച്ച്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി(MIT)യിലെ ഭാഷാശാസ്ത്ര-തത്ത്വ ചിന്താപ്രഫസറാണ് ചോംസ്കി. ലോകത്തിലെ ഏറ്റവും ശ്രദ്ധേയനായ ബുദ്ധിജീവി, അമേരിക്കൻ വിദേശനയങ്ങളുടെ കടുത്ത വിമർശകൻ, മാധ്യമതന്ത്രങ്ങളെ നേരിടുന്ന സമൂഹസ്നേഹി, ആഗോളവൽക്കരണത്തിന്റെ വിമർശകൻ എന്നീ നിലകളിലും പ്രശസ്തനാണ് അദ്ദേഹം. ചോംസ്കിയുടെ പ്രബന്ധങ്ങളിൽ ഭാഷാശാസ്ത്രത്തിന്റെ ഗതി തിരിച്ചുവിട്ടവയാണ് സിന്റാക്ടിക് സ്ട്രക്ചേഴ്സ് (Syntactic Structures, 1957), ആസ്പക്റ്റ്സ് ഓഫ് ദ് തിയറി ഓഫ് സിന്റാക്സ് (Aspects of the Theory of Syntax, 1965) എന്നിവ. ഭാഷയെക്കുറിച്ചുള്ള മഹാസിദ്ധാന്തങ്ങളാണ് ചോംസ്കിയുടെ മൗലികസംഭാവന. ഭാഷയെ ഒരു മാനസികകാര്യമായി (mentalism) ചോംസ്കി അവതരിപ്പിച്ചു. ചിന്തയുടെ ലോകത്തിലേക്കുള്ള ആനവാതിലാണ് ഭാഷ. നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന ഭാഷ കേവലം ഭാഷാപ്രകടന(performance)മാണ്. ഭാഷാപ്രകടനം സാധ്യമാക്കുന്ന ഭാഷാശേഷി (competence), അതാണ് ഭാഷയുടെ മർമ്മം. അതു മനസ്സിന്റെയും മസ്തിഷ്കത്തിന്റെയും മേഖലയിലാണ്. ചുണ്ടിലല്ല, മനസ്സിലാണു ഭാഷ. ഭാഷാശാസ്ത്രം മനശ്ശാസ്ത്രത്തിന്റെ ഭാഗമാണ്. നിത്യവും എത്രയെത്ര വാക്കുകളും വാക്യങ്ങളുമാണ് നമ്മൾ പറയുന്നതും കേൾക്കുന്നതും. അവയിൽ പലതും ഇതിനു മുമ്പു പറഞ്ഞിട്ടോ കേട്ടിട്ടോ വായിച്ചിട്ടോ ഇല്ലാത്തവയാണ്. എന്നിട്ടും അവയെല്ലാം കേട്ടു മനസ്സിലാക്കാനും പറയാനും നമുക്കു കഴിയുന്നതു ഭാഷയുടെ കൂട്ടിപ്പണി (combinatoriality) നമുക്കു വശമുള്ളതുകൊണ്ടാണ്. ഓർമ്മയല്ല പണിയറിവാണ് ഭാഷാപ്ര

യോഗത്തിനു നമ്മെ സജ്ജരാക്കുന്നത്. മണ്ണും കല്ലും മരവും ഓടും സിമിന്റും അലൂമിനിയവും ഗ്ലാസുമെല്ലാം 'കൂട്ടിപ്പണി'യുന്ന വാസ്തുവിദ്യപോലെയാണത്.

വാസ്തുവിദ്യ ദാർശനികവും സങ്കല്പനപരവുമായ തലങ്ങളിലേക്കു വാസ്തുശില്പത്തെ കൂട്ടിയിണക്കുന്നു എന്നാണു വയ്പ്: 'ബ്രഹ്മാണ്ഡമെന്ന പ്രപഞ്ചവും പിണ്ഡാണ്ഡമെന്ന അതിന്റെ ചെറിയ പതിപ്പും ഒരു രൂപത്തിന്റെ വ്യത്യസ്ത അളവുകളുള്ള രണ്ടു ഘടകങ്ങളാണ്. ബ്രഹ്മാണ്ഡം പഞ്ചഭൂതങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ്. എണ്ണമറ്റ ജീവകണങ്ങൾ അടങ്ങിയ ബ്രഹ്മാണ്ഡത്തിന്റെ ഏറ്റവും സൂക്ഷ്മരൂപമായ പിണ്ഡാണ്ഡത്തിൽ ബ്രഹ്മാണ്ഡത്തിന്റെ സ്വഭാവവിശേഷതകൾ അടങ്ങിയിട്ടുണ്ട്. ഈ തത്ത്വമനുസരിച്ചു നിർമ്മാണപ്രക്രിയ തുടങ്ങുന്ന സ്ഥലം ചെറുതായാലും വലുതായാലും ബ്രഹ്മാണ്ഡത്തിന്റെ പതിപ്പാണ്. അതായത്, അതിനെ പിണ്ഡാണ്ഡമായി കണക്കാക്കാം. ബ്രഹ്മാണ്ഡമെന്ന വ്യവസ്ഥിതിയുടെ ഉപവ്യവസ്ഥിതിയാണ് പിണ്ഡാണ്ഡം. പിണ്ഡാണ്ഡത്തിലെ ഓരോ ഘടകവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. അതേസമയം പിണ്ഡാണ്ഡം അതുൾക്കൊള്ളുന്ന ബ്രഹ്മാണ്ഡവുമായും ബന്ധപ്പെട്ടിരിക്കുന്നു. വാസ്തുശാസ്ത്രത്തിൽ ബ്രഹ്മാണ്ഡത്തെ പ്രപഞ്ചസങ്കല്പനവുമായി (concept of universe) ബന്ധപ്പെടുത്തിയിരിക്കുന്നു.' (ആശാലത തമ്പുരാൻ 2011:739).

ഭാഷയുടെ വാസ്തുവിദ്യ മനുഷ്യർ എങ്ങനെ വശമാക്കുന്നു? അനുദിനസമ്പർക്കവും പരിചയവുംകൊണ്ട് എന്നാണു പതിവു മറുപടി. ചോംസ്കി ഇത് അംഗീകരിക്കുന്നില്ല. മനുഷ്യന്റെ ജന്മവാസന (nativism)യാണ് ഭാഷ എന്ന് അദ്ദേഹം വാദിക്കുന്നു. മനുഷ്യവർഗ്ഗത്തിനു മൊത്തത്തിൽ ഭാഷാവാസനയുണ്ട്. അതുകൊണ്ടാണ് അവർ ഭാഷ ഉപയോഗിക്കുന്നത്. ഏതു ഭാഷയും സ്വന്തമാക്കാനുള്ള വൈഭവം. ജ്ഞാനവിനിമയകാര്യത്തിൽ മനുഷ്യനുള്ള സാർവലൗകിക (universal) വൈഭവമായി വേണം ഭാഷയെ മനസ്സിലാക്കാൻ. മനുഷ്യർ പല ഭാഷകൾ സംസാരിക്കുന്നുണ്ടെങ്കിലും ആ ഭാഷകൾക്കെല്ലാം പൊതുവായ പല ഘടനകളും നടപടികളുമുണ്ട്. അവ വേർതിരിച്ചെടുത്താൽ സാർവലൗകികവ്യാകരണമായി. ഭാഷകൾ, ഭാഷാഭേദങ്ങൾ തുടങ്ങിയവയെല്ലാം അതിവർത്തിക്കുന്നതാണ് സാർവലൗകികവ്യാകരണം. അതിനെ അഗാധഘടനയായി പരിമിതപ്പെടുത്താനാവില്ല.

വാസ്തുശില്പങ്ങൾ പലതുണ്ടെങ്കിലും അവയ്ക്കെല്ലാം ആധാരമായി സാർവലൗകിക വാസ്തുതത്ത്വങ്ങൾ കണ്ടെത്താനാണല്ലോ വാസ്തുവിദ്യ ശ്രമിക്കുന്നത്. പ്രകൃതി, ജീവികൾ, ദേവകൾ എന്നിവയെയെല്ലാം ബന്ധിപ്പിക്കുന്ന തത്ത്വങ്ങൾ. ഭാഷകൾക്കുമുണ്ട് അത്തരം പൊതുതത്ത്വങ്ങൾ. അവ ക്രോഡീകരിക്കുകയാണ് വ്യാകരണലക്ഷ്യം. ഭാഷാശാസ്ത്രം പഠിക്കേണ്ടതും അന്വേഷിക്കേണ്ടതും ഈ സാർവലൗകികവ്യാകരണമാണ്.

ആലയങ്ങൾ പലതരത്തിലുണ്ട്, ഭാഷകൾ പലതുള്ളതുപോലെ. ഓരോ ആലയവും സന്ദർഭമനുസരിച്ച് പല കാര്യങ്ങൾക്കും ഉപയോഗിക്കാം — ഭക്ഷണശാലയായി, നൃത്തശാലയായി, പ്രഭാഷണമന്ദിരമായി, വിവാഹമണ്ഡപമായി, ഉറക്കശാലയായി. . . പ്രയോഗത്തിന്റെ കാര്യത്തിൽ ഭാഷയും ഇങ്ങനെയാണ്. 'രാധ സുന്ദരിതന്നെ' എന്ന വാക്യം വെറും ആശയനിവേദനമാകാം., നിഷേധരൂപത്തിലുള്ള നിന്ദാസ്തുതിയാകാം, നർമ്മപ്രസ്താവനയാകാം, വശീകരണമാകാം, ശകാരമാകാം. അടിസ്ഥാനവ്യാകരണം വിശദീകരിക്കുമ്പോൾ പ്രയോഗതലത്തിലുള്ള വൈവിധ്യം മറന്നുകൂടാ. ഭാഷ/ഭാഷാരൂപം എന്തിന് എന്ന ചോദ്യത്തിന് ഉത്തരം തേടുമ്പോൾ തുറവി നിലനിറുത്തണം. അതു ഭാഷയുടെ ബഹുമുഖത്വവും പരിണാമശേഷിയുമാണ്. ഭാഷയ്ക്കു മറ്റു ചില സവിശേഷതകളുണ്ടെന്നു മറക്കേണ്ട. ഭാഷാരൂപങ്ങൾ വിധിരൂപത്തിൽ മാത്രമല്ല, അതിൽനിന്നു നിഷേധ(negative)രൂപങ്ങളും ചോദ്യങ്ങളും ഉണ്ടാക്കാം.

രാധ സുന്ദരിയല്ല,

രാധ സുന്ദരിയോ?

ഇതൊക്കെ ഭാഷയിലൂടെയുള്ള മാന്ത്രികവിദ്യകളാണ്.

ഭാഷ എന്നു കേൾക്കുമ്പോൾ മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി, തമിഴ് തുടങ്ങിയ ഭാഷകളാണ് നമ്മൾ ഓർമ്മിക്കുക. ഇവ ഭാഷകൾതന്നെ. അവയെല്ലാം സാധ്യമാക്കുന്ന ഭാഷാസിദ്ധി(language faculty)യാണ് 'ഭാഷ' എന്നു മർമ്മജ്ഞർ കരുതുന്നു(2). വാസ്തുവിദ്യയിലെ വാസ്തുപുരുഷനെപ്പോലെ അതു ഭാഷാവിജ്ഞാനത്തിൽ ഊടുണ്ടാക്കുന്നു. ഭാഷാസിദ്ധി, ഭാഷാപ്രചോദനം, ഭാഷാവാസന എന്നെല്ലാം പേരുചൊല്ലി വിളിക്കാവുന്ന ഭാഷാതത്ത്വം വിവരിക്കാനും

വിശദീകരിക്കാനും വ്യാഖ്യാനിക്കാനുമാണ് ഭാഷാശാസ്ത്രം ശ്രമിക്കേണ്ടതെന്നു ആധുനികഭാഷാശാസ്ത്രസൈദ്ധാന്തികർ കരുതുന്നു. ചോംസ്കിയിൽ തുടങ്ങിയ പ്രജനകവ്യാകരണം (generative grammar) പല വഴികളിലൂടെ പല കളരികളായി ഈ സാഹസികസംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഒറ്റനോട്ടത്തിൽ തോന്നുന്ന വൈവിധ്യത്തിനപ്പുറം ഭാഷകൾക്കെല്ലാം നിർണ്ണായകമായ പൊതുമയുണ്ടെന്ന് ഇവരെല്ലാം തെളിയിച്ചു. പൊതുമ വിവരിക്കാൻ കഴിഞ്ഞാൽ ഭാഷായുടെ കാര്യശേഷി - ഭാഷ എന്ന പ്രതിഭാസം മനസ്സിലാക്കാനും വിനിമയശേഷി വർധിപ്പിക്കാനും കഴിയും. വിനിമയപ്രധാനമായ ആധുനികസമൂഹത്തിൽ സാങ്കേതികവിദ്യകളുമായുള്ള അഭിമുഖീകരണ (interface)ത്തിൽ പൊതുമയ്ക്കു പ്രാധാന്യമുണ്ട്.

ശില്പങ്ങൾ പലതരമുണ്ടെങ്കിലും ശില്പവിദ്യ ഒരു വിജ്ഞാനമായി വികസിക്കുന്നത് അവയുടെ വൈവിധ്യത്തിലെ പൊതുമ തിരിച്ചറിഞ്ഞു വിശദീകരിക്കുമ്പോഴാണ്. ഭാഷാവിജ്ഞാനവും അങ്ങനെതന്നെ. ഭാഷായുടെ ചില പൊതുമകൾ ഓർമ്മിക്കുക: ധ്വനി-വർണ്ണ-അക്ഷര-രൂപ-വാക്യബഹുതലഘടന. അതിൽതന്നെ അർത്ഥമുള്ളതും അർത്ഥമില്ലാത്തതുമായ രൂപതലങ്ങൾ. ധ്വനികൾക്ക് അർത്ഥമോ അർത്ഥഭേദശേഷിയോ ഇല്ല വർണ്ണങ്ങൾക്ക് അർത്ഥമില്ലെങ്കിലും ഓരോരോ ഭാഷകളിൽ അർത്ഥഭേദശേഷിയുണ്ട്. ചില രൂപങ്ങൾ സ്വതന്ത്രമായി അർത്ഥം പ്രകടിപ്പിക്കും; മറ്റു ചിലതു സ്വതന്ത്രരൂപങ്ങളോടു ചേർന്ന് അർത്ഥപുഷ്ടിയുണ്ടാക്കും. ഇവ കൂടിച്ചേർന്ന പദങ്ങളും പദസംയുക്തങ്ങളും പദസംഹിതകളും ഉണ്ടാകും. പദം ഒരു ശാസ്ത്രീയ യൂണിറ്റായി ഭാഷാശാസ്ത്രം പരിഗണിക്കുന്നില്ലെങ്കിലും പദബോധം ഭാഷാവബോധത്തിന്റെ ഭാഗമാണ്. സങ്കല്പനതലവും ഘടനാതലവും മുഖാമുഖം വരുന്ന സന്ദർഭമാണിത്. വാസ്തുവിദ്യയിലുമുണ്ട് പദം. നിർമ്മാണസ്ഥലത്തു നെടുകെയും കുറുകെയും സൂത്രങ്ങൾ വരച്ചുണ്ടാക്കുന്ന കള്ളികളാണ് പദങ്ങൾ. പദവിന്യാസം ഭാഷയിലും വാസ്തുവിലും പ്രാധാന്യമുള്ള നടപടിക്രമമാണ്. പദങ്ങൾ രേഖീയമായി കണ്ണി ചേർക്കപ്പെടുമ്പോൾ വാക്യങ്ങളായി. പദങ്ങൾ സ്ഥാനം മാറ്റിയും പ്രത്യയങ്ങൾ മാറ്റിവച്ചും വാക്യത്തെ പല പല ധർമ്മങ്ങൾക്കു നിയോഗിക്കാം. ഇതാണ് ഭാഷയിലെ കൂട്ടിപ്പണി (modularity). ('മോഡുലാർ കിച്ചൺ' പുതിയ വീടുകളുടെ ഭാഗമാണല്ലോ.)

ആലയങ്ങൾക്കെല്ലാം അടിസ്ഥാന നിർമ്മാണസാമഗ്രികൾ ഒന്നുതന്നെയായിരിക്കും - കല്ല്, മണ്ണ്, സിമിന്റ്, തടി. . . ശബ്ദങ്ങളാണ് വാമൊഴിയിലും വരമൊഴിയിലും ഭാഷയുടെ നിർമ്മാണസാമഗ്രികൾ. പിന്നെ സവിശേഷപദ-വാക്യഘടനകളുണ്ടാകും. ശബ്ദതല(sound level)വും ഘടനാതല(structural level)വുംകൊണ്ട് പരമ്പരാഗതവ്യാകരണവും ഭാഷാശാസ്ത്രവും പ്രവർത്തനം അവസാനിപ്പിക്കും. നവീന ഭാഷാശാസ്ത്രമാകട്ടെ സങ്കല്പനതലം (conceptual level) കൂടി ഗൗനിക്കുന്നു. ഭാഷയുടെ ഈ തലം മറ്റു രണ്ടുതലങ്ങൾപോലെ വേണ്ടത്ര വ്യക്തത നേടിയിട്ടില്ല. ഭാഷാശാസ്ത്രത്തിൽ ധ്വനിവിജ്ഞാനം, വർണ്ണവിജ്ഞാനം, രൂപവിജ്ഞാനം, വാക്യവിജ്ഞാനം തുടങ്ങിയവ പല പാരമ്പര്യങ്ങളായി പല നാടുകളിൽ വികസിച്ചു. എന്നാൽ സങ്കല്പനങ്ങൾ ഉപയോഗിച്ചു മനുഷ്യൻ നവലോകങ്ങൾ സൃഷ്ടിച്ചെങ്കിലും ഭാഷയുടെ കെട്ടുപണിയിൽ സങ്കല്പനങ്ങൾക്കുള്ള സ്ഥാനം ചർച്ച ചെയ്യപ്പെട്ടില്ല. ഭാഷയിലെ സങ്കല്പനരൂപീകരണം (conceptualisation) ഇന്നു പ്രധാനപ്പെട്ട ചർച്ചാവിഷയമാണ്. ഭാഷയെയും സംസ്കാരത്തെയും ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും കൂട്ടിയിണക്കുന്നതാണ് 'സങ്കല്പന'തലം. 'സങ്കല്പനത്തെ' 'ലോക'വുമായി കണ്ണിചേർത്തു പരസ്പരം നിർമ്മിക്കുന്ന (mutually constituting) നിയോഗം കൂടി സമകാലിക ഭാഷാശാസ്ത്രം ഭാഷയിൽ തിരിച്ചറിഞ്ഞിരിക്കുന്നു. 'വാസ്തുവിദ്യ'പോലെയാണ് സമകാലിക ഭാഷാദർശനത്തിൽ ഭാഷാവിജ്ഞാനം.

സാർവലൗകികവ്യാകരണം എന്നു വിശേഷിപ്പിക്കാവുന്ന നിലയിലാണ് വാസ്തുവിദ്യ. വാസ്തു പുരുഷനെപ്പോലെ സർവാന്തര്യാമിയായാണ് സാർവലൗകികവ്യാകരണം. അതു ശബ്ദതലത്തിലും ഘടനാതലത്തിലും സങ്കല്പനതലത്തിലും സ്പഷ്ടീഭവിക്കുന്നു. സ്പഷ്ടീകരണത്തിന്റെ ഘട്ടത്തിൽ, ഉപരിഘടനയിൽ (surface structure) 'ഡിസൈൻ' തെളിഞ്ഞുവരുന്നു. തോതും തരവും ഉൾക്കൊള്ളുന്നതാണ് ഡിസൈൻ, ഭാഷയിലും വാസ്തുവിലും. കണക്കിനും സൗന്ദര്യത്തിനും പ്രാധാന്യമുണ്ട് ഈ തലത്തിൽ. കണക്കുകൂട്ടിയും അനുഭവിച്ചും അറിയുന്നതാണ് ഡിസൈൻ. ഭാഷാശില്പം, ശൈലീശില്പം, സാഹിത്യശില്പം തുടങ്ങിയ പ്രയോഗങ്ങൾ ഇവിടെ ഓർമ്മിക്കാം. വാസ്തുവിദ്യയുടെ കൂട്ടുപിടിച്ചു ചോംസ്കിയൻ ഭാഷാവിപ്ലവം

പുനർവിവരിച്ചതിന്റെ ലക്ഷ്യം ഈ ഘട്ടത്തിൽ തുറന്നെഴുതട്ടെ: ഭാഷയെക്കുറിച്ചും മനുഷ്യനെക്കുറിച്ചും ലോകത്തെക്കുറിച്ചും ഏറ്റവും ശുഭകരമായ ചിന്തകളും സിദ്ധാന്തങ്ങളുമാണ് നോം ചോംസ്കിയും പ്രജനകവ്യാകരണകളരിക്കാരും അവതരിപ്പിക്കുന്നത്. അവരുടെ സിദ്ധാന്തീകരണം ശാസ്ത്രസമ്മതമായ രീതിശാസ്ത്രം പിന്തുടരുന്നു. ഒപ്പം മനുഷ്യന്റെ സർഗ്ഗാത്മകതയ്ക്ക് ഇവിടെ വലിയ പ്രാധാന്യം നൽകുന്നുണ്ട്. ചോംസ്കിയുടെ ബൗദ്ധിക കലാപത്തിന്റെ ചൂടിൽ ആ സർഗ്ഗാത്മകത വിസ്മരിക്കപ്പെടരുത്.

വ്യക്തിയെയും സമൂഹത്തെയും പ്രപഞ്ചത്തെയും കുറിച്ചുള്ള ധാരണകൾ നിരന്തരം മാറിമറിയുകയാണ്. ഈ കുതിച്ചൊഴുക്കിൽ അവസ്ഥയെക്കുറിച്ചല്ല ഗതിയെക്കുറിച്ചാണു സംസാരിക്കേണ്ടത്. അതാണു വിജ്ഞാനവിഷയം. വീണ്ടുവിചാരത്തിൽ പരിണാമഗതിവസ്തുതയും വിജ്ഞാനവുമാക്കി അവതരിപ്പിക്കേണ്ടിവരും. അതിനാണ് ആഖ്യാനതന്ത്രങ്ങൾ. ഭാഷയുടെ വാസ്തുവിദ്യ എന്ന പരികല്പന അത്തരമൊരു ആഖ്യാനസങ്കേതമാണ് എന്നു കരുതിയാൽ മതി. സ്വയം മനസ്സിലാക്കാനും മറ്റുള്ളവരെ മനസ്സിലാക്കാനും ശ്രമിക്കുമ്പോൾ ആഖ്യാനതന്ത്രങ്ങൾ കൂടിയേ തീരൂ. മനസ്സിലാക്കാനുള്ള ശ്രമത്തിൽ നേതി (ഇതല്ല), നേതി എന്ന മട്ടിൽ വിജ്ഞാനമോഹിക്കുയാത്ര തുടരാം. വിജ്ഞാനപ്രണയിക്കാകട്ടെ 'അത് ഇതാണ്' എന്ന മട്ടിൽ പ്രണയസാഫല്യമടയാം. മോഹ(desire)വും പ്രണയ(love)വും തമ്മിലുള്ള അന്തരമാണിത്.(3) വിജ്ഞാനപരിശ്രമങ്ങളെ ശുഭാന്തകഥകളാക്കാൻ വ്യഗ്രതപ്പെടുന്നവർക്കു 'ഭാഷയുടെ വാസ്തുവിദ്യ' പോലുള്ളവ സൗകര്യപ്രദമായ ആഖ്യാനസങ്കേതങ്ങളാണ്.

കുറിപ്പുകൾ

1. നോം ചോംസ്കിയുടെ പ്രജനകവ്യാകരണചിന്തയെക്കുറിച്ചുള്ള വീണ്ടുവിചാരമടങ്ങിയ ലഘുഗ്രന്ഥമാണ് *The Architecture of Language* (2000/2011). 1996-ൽ ഡൽഹിയിൽ നടത്തിയ അഞ്ചു പ്രഭാഷണങ്ങളുടെ രേഖ. ആ പുസ്തകം, വിശിഷ്യ പുസ്തകപ്പേര് ഈ ലഘുരചനയ്ക്കു പ്രചോദനമായി.

2. ഒരുപടികൂടി കടന്നു പുതിയ ഗവേഷകർ പലതരം ജീവജാലങ്ങളിൽ ഭാഷാസിദ്ധിയുടെ അടയാളങ്ങൾ കണ്ടെത്തുന്നു. പക്ഷിക

ളിലും മൃഗങ്ങളിലും മറ്റും ഭാഷയുടെ ശില്പം വാസ്തുപുരുഷസാന്നിദ്ധ്യംപോലെ അവർ തിരിച്ചറിയുന്നു. വർണ്ണതലത്തിലെ വാസ്തുശില്പത്തെക്കുറിച്ച് (Phonological Architecture) എഴുതുന്ന ബ്രിജിത്ത് സാമുവേൽസ് (2011) ഇക്കാര്യം വിശദമായി ചർച്ച ചെയ്യുന്നുണ്ട്. പ്രകൃതിയെയും ജന്തുസസ്യജാലങ്ങളെയും മനുഷ്യനെയും ഒരേ ജീവിതവല(web of life)യുടെ കണ്ണികളാക്കി സങ്കല്പിക്കുന്ന വാസ്തുവിദ്യയോട് ആശയാവലികളിൽ (paradigms) ഈ പഠനത്തിന് അടുപ്പമുണ്ട്.

3. വിശ്വാസങ്ങളെക്കുറിച്ചുള്ള പുസ്തകത്തിൽ അപകടകാരിയായ തത്ത്വചിന്തകൻ ജീജെക്ക് (Zi Zek, 2009:20) എഴുതുന്നു: 'And Love is to be opposed here to desire: desire is always caught in the logic of "this is not that," it thrives in the gap that forever separates the *obtained* satisfaction from the *sought for* satisfaction while **Love *Fully Accepts*** that "this is that" — that the woman with all her weaknesses and common features *is* the Thing that I unconditionally love; that Christ, this wretched man, *is* the living God. Again to avoid a fatal misunderstanding: the point is not that we should "renounce transcendence" and fully accept the limited human person as our love object, "since this is all there is": transcendence is not abolished, but rendered Accessible.'

സീറോ-മലബാർ സഭയുടെ (സുറിയാനി കത്തോലിക്കരുടെ) കുർബാനയിലെ ഒരു പ്രാർത്ഥന ഇവിടെ ഓർമ്മിക്കാം: 'ദൈവമേ, നിന്നോടുള്ള സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിക്കാതെ . . . ബുദ്ധിയും വിവേകവുമുള്ള മനുഷ്യനായി . . . മർത്ത്യമായ ശരീരം സ്വീകരിച്ച് . . .' എന്നു തുടരുന്ന പ്രാർത്ഥന യേശുവിന്റെ മാനുഷികതയെ ഇകഴ്ത്താതെയും പുകഴ്ത്താതെയും തുടർബന്ധങ്ങളിലൂടെ അവതരിപ്പിച്ചു മനുഷ്യാവതാരസിദ്ധാന്തം വിസ്മയരസത്തോടെ വിശദീകരിക്കുകയാണ്. സമകാലിക ഭാഷാസാഹിത്യസിദ്ധാന്തങ്ങൾ, വിശിഷ്യ തർജമസിദ്ധാന്തങ്ങൾ വിശദീകരിക്കാൻ പരമ്പരാഗത ക്രൈസ്തവ ആരാധനാസാഹിത്യത്തിലെ ഈ ഉപപാദനം പ്രയോജനപ്പെടും. 'സമമൂല്യത മുറുകെ

പ്പിടിക്കേണ്ട കാര്യമായി പരിഗണിക്കാതെ' ദേശകാലങ്ങളിലൂടെ ഭാഷയും സാഹിത്യവും പുതുമ തേടുകയാണ്. വായനയും തർജ മയുമെല്ലാം പ്രജനന(generative)വ്യാപാരങ്ങളായിട്ടാണ് സൈദ്ധാ ന്തികൾ പരിഗണിക്കുന്നത് സമകാലികജ്ഞാനശാസ്ത്രങ്ങളും (cognitive sciences) ഈ സമീപനത്തെ പിന്തുണയ്ക്കുന്നു.

ഗ്രന്ഥ/ലേഖനസൂചിക

Chomsky, Noam 2000/2011 *The Architecture of Language,* Oxford University Press: New Delhi.

Jackendoff, Ray 2003*Foundation of Language-Brain, Meaning, Grammar, Evo-lution,* Oxford University Press: Oxford.

Samuels, Bridget D.2011*Phonological Architecture, A Biolinguistic Approach*, Oxford University Press: New York.

Zi Zek, Salvoj2001/2009 *On Belief,* Routledge: London

ആശാലത തമ്പുരാൻ 2011 വാസ്തുശാസ്ത്രം, *കേരളസംസ്കാരപഠനങ്ങൾ,* (എഡിറ്റർ: പന്മന രാമചന്ദ്രൻനായർ), കറന്റ് ബുക്സ്: കോട്ടയം.